37023

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - 'ന്യൂനപക്ഷ സർട്ടിഫിക്കറ്റ്' നൽകുന്നതിനുള്ള അധികാരം സംസ്ഥാനാവശ്യ ങ്ങൾക്ക് വില്ലേജ് ഓഫീസർക്കും സംസ്ഥാനേതര ആവശ്യങ്ങൾക്ക് തഹസിൽദാർക്കും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## റവന്യൂ (റ്റി) വകുപ്പ്

സർക്കാർ ഉത്തരവ് (കൈ)345/14/ആർ.ഡി. തിരുവനന്തപുരം, തീയതി, 11.08.2014.

പരാമർശം:-
1) 27.04.2007-ലെ സ.ഉ.(കൈയ്യെഴുത്ത്) നം.136/2007/ആർ.ഡി.
2) 01.10.2007-ലെ സ.ഉ.(കൈയ്യെഴുത്ത്) നം. 351/2007/ആർ.ഡി.
3) 5.4.2010-ലെ സ.ഉ.(കൈയ്യെഴുത്ത്) നം.128/2010/ആർ.ഡി.
4) 07.08.2013-ലെ സ.ഉ (കൈ) 333/13/ആർ.ഡി.
5) 22.09.2012-ലെ 30840/എം.ഡബ്ല്യു.2/12/പൊ.ഭ.വ നമ്പർ സർക്കുലർ.
6) 17.10.2013- ലെ സ.ഉ (കൈ) നം.31/2013/ഐ.റ്റി.
7) ലാന്റ് റവന്യൂ കമ്മീഷണറുടെ 19.12.2013-ലെ എൽ.ആർ (ഐ.റ്റി.സെൽ) -7472/09 നമ്പർ കത്ത്.

## ഉത്തരവ്

1. വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ നൽകി വരുന്ന രീതി പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇവ പരിഹരിക്കുന്നതിനും നടപടിക്രമം ലഘൂകരിക്കുന്നതിനുമായി സർട്ടിഫിക്കറ്റുകൾക്ക് സാധുതാകാലയളവ് നിശ്ചയിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുനഃക്രമീകരിച്ചും പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. മേൽ ഉത്തരവ് സുഗമമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന്റെ ഭാഗമായി വില്ലേജ്/താലൂക്ക്/ആർ.ഡി.ഒ ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ മാതൃകാ അപേക്ഷ ഫോറവും, സാക്ഷ്യപത്രവും അടങ്ങുന്ന സ്പഷ്ടീകരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പരാമർശം രണ്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുമുണ്ട്.

2. 1992-ലെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് ആക്ട് പ്രകാരം ന്യൂനപക്ഷ സമുദായമായി അംഗീകരിക്കപ്പെട്ടിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി എന്നീ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ/കേന്ദ്ര പൊതുമേഖല/ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ പഠനത്തിനും ജോലിക്കുമായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം അവർ ന്യൂനപക്ഷ സമുദായാംഗമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഏകീകൃത മാതൃക ഇല്ലാത്തതിനാൽ നിഷേധിക്കപ്പെടുന്നതായി ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ന്യൂനപക്ഷ വിഭാഗങ്ങളിൽപെടുന്ന വിദ്യാർത്ഥികൾക്കും

ഉദ്യോഗാർത്ഥികൾക്കും 'ന്യൂനപക്ഷ സർട്ടിഫിക്കറ്റ്' ലഭിക്കുന്നതിന് അപേക്ഷയുടെയും സർട്ടിഫിക്കറ്റിന്റെയും (Annexure - A & B) മാതൃക പരാമർശം അഞ്ചിലെ സർക്കുലർ പ്രകാരം അംഗീകരിക്കുകയും ഏകീകൃത മാതൃകയിലുള്ള 'ന്യൂനപക്ഷ സർട്ടിഫിക്കറ്റ്' അപേക്ഷകർക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരികൾ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പരാമർശം ആറിലെ സർക്കാർ ഉത്തരവ് മുഖേന ആയത് ഇ-സേവനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി 'ന്യൂനപക്ഷ സർട്ടിഫിക്കറ്റ്' സർട്ടിഫിക്കറ്റുകളുടെ പട്ടികയിൽ ഉൾപ്പെടുത്തണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം ഏഴ് പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻപ്രകാരം, വില്ലേജ് ഓഫീസറുടെ പ്രാദേശിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനാവശ്യങ്ങൾക്ക് വില്ലേജാഫീസറും, സംസ്ഥാനേതര ആവശ്യങ്ങൾക്ക് തഹസിൽദാരും, ഓരോ പ്രത്യേക ആവശ്യത്തിന് വേണ്ടി 'ന്യൂനപക്ഷ സർട്ടിഫിക്കറ്റ്' നൽകാൻ ഇതിനാൽ അധികാരം നൽകി ഉത്തരവാകുന്നു. സർട്ടിഫിക്കറ്റ് നൽകുന്ന വില്ലേജ് ഓഫീസർ/തഹസീൽദാരുടെ പേരുകൂടി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ് എന്നും റവന്യൂ വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന എല്ലായിനം സർട്ടിഫിക്കറ്റുകളിലും ഇപ്രകാരം രേഖപ്പെടുത്തേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

4. ''ന്യൂനപക്ഷ സർട്ടിഫിക്കറ്റ്'' നൽകുന്നതിനുള്ള അപേക്ഷ ഫോറത്തിന്റെയും. സാക്ഷ്യപത്രത്തിന്റെയും മാതൃകാ ക്രമം പരാമർശം അഞ്ചിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും.

5. പരാമർശം ഒന്ന് മുതൽ മൂന്ന് വരെയുള്ള സർക്കാർ ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ജോക്കോസ് പണിക്കർ.പി.ഐ**
ജോയിന്റ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യു, തിരുവനന്തപുരം
സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ (മാധ്യമങ്ങൾക്കു നൽകുന്നതിന്)
പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്
സംഭരണ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Vatsala. S.D

സെക്ഷൻ ഓഫീസർ